# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3458 — 15.07.2015 - ൽ മറുപടിക്ക്

## അമൃതം ആരോഗ്യം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജീവിതശൈലീരോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തുന്നതിനും അവയ്ക്ക് മരുന്നുകൾ സൗജന്യമായി നൽകുന്നതിനും ജീവിതശൈലീരോഗ ക്ലിനിക്കുകൾ സ്ഥാപിയ്ക്കുന്നതിനും അമൃതം ആരോഗ്യ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന ജീവിത ശൈലീ രോഗങ്ങൾ നേരത്തെ തന്നെ കണ്ടെത്തുന്നതിനും, ചികിത്സിക്കുന്നതിനും പ്രതിരോധിക്കുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിത ശൈലീ നിയന്ത്രണ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മുപ്പത് വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളേയും ജീവിതശൈലീ രോഗങ്ങൾക്കായി സ്ക്രീനിംഗ് നടത്തുന്നതിനും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും മരുന്നും സൗജന്യമായി നൽകുന്നതിനും രോഗം വരാതിരിക്കുന്നതിനായി അനാരോഗ്യകരമായ ഭക്ഷണം, വ്യായാമമില്ലായ്മ, മദ്യം, പുകവലി തുടങ്ങിയ ശീലങ്ങളോടുള്ള ആസക്തി എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണം, പ്രത്യേക ജനവിഭാഗങ്ങൾക്കും രോഗങ്ങൾക്കുമെതിരെ പ്രത്യേക പരിപാടികൾ എന്നിവ 2011-12 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>ക്യാൻസർ ചികിത്സ ജില്ലാതലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ജില്ലാ ക്യാൻസർ സെന്ററുകൾ, പക്ഷാഘാത ചികിത്സയ്ക്കായി ടെലിസ്ട്രോക്ക് പദ്ധതി, വിദൂര പ്രദേശങ്ങളിൽ അധിവസിക്കുന്ന ജനവിഭാഗങ്ങൾക്കായി 'കെയർ ഓൺ വീൽസ്', 'കെയർ ഓൺ വേവ്സ്' പദ്ധതി, സ്കൂൾ കുട്ടികൾക്കായി ലീപ്പ് പദ്ധതി, തൊഴിൽശാലകളിൽ ജോലി ചെയ്യുന്നവർക്കായി വർക്ക് പ്ലെയ്സ് ഇന്റർവെൻഷൻ, യോഗാപരിശീലനം, പോലീസുകാർക്കായി ഷെയ്പ് (SHAPE) പദ്ധതി എന്നിവ അമൃതം ആരോഗ്യം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ കർമ്മപരിപാടികളാണ്. |

(.....2)

| | | | |
|---|---|---|---|
| (ബി) | ഇത്തരം ക്ലിനിക്കുകൾ എവിടെയെല്ലാ മാണ് / ഏതെല്ലാം ആരോഗ്യകേന്ദ്രങ്ങളി ലാണ് ആരംഭിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) | അമൃതം ആരോഗ്യം പദ്ധതിയുടെ പ്രയോജനം എല്ലാ ജനങ്ങളിലേക്കും എത്തിക്കുന്നതിന് സംസ്ഥാനത്ത് 232 (ഇരുനൂറ്റി മുപ്പത്തിരണ്ട്), സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും, 835 (എണ്ണൂറ്റി മുപ്പത്തി അഞ്ച്) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും 5144 (അയ്യായിരത്തി ഒരുനൂറ്റി നാല്പത്തിനാല്) കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും അമൃതം ആരോഗ്യം ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു. ഇതിനായി ഗ്ലൂക്കോമീറ്ററുകൾ, ബി.പി. അപ്പാരറ്റസ്, വെയിംഗ് മെഷീൻ എന്നിവ ഈ കേന്ദ്രങ്ങളിൽ ലഭ്യമാക്കുകയും എല്ലാ ജീവനക്കാർക്കും ഇതിനുള്ള പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രോഗ ചികിത്സയ്ക്കായി വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ പ്രോട്ടോകോൾ തയ്യാറാക്കുകയും പ്രോട്ടോകോളിൽ പരാമർശിച്ചിരിക്കുന്ന മരുന്നുകൾ പ്രാഥമികാരോഗ്യകേന്ദ്രതലംവരെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾക്കും ഏതെല്ലാം വിഭാഗക്കാർക്കുമാണ് മരുന്നുകൾ സൗജന്യമായി നൽകുന്നത് ? | (സി) | ഈ പദ്ധതി പ്രകാരം പ്രമേഹം, രക്താതിസമ്മർദ്ദം, ഹൃദ്രോഗങ്ങൾ, പക്ഷാഘാതം തുടങ്ങിയ രോഗങ്ങൾക്ക് എ.പി.എൽ / ബി.പി.എൽ തരംതിരിവില്ലാതെ എല്ലാ ജനവിഭാഗങ്ങൾക്കും മരുന്നുകൾ സൗജന്യമായി നൽകുന്നുണ്ട്. |

P [signature]

സെക്ഷൻ ഓഫീസർ.